പൂരിപ്പിച്ച മറുപടി

**പതിനഞ്ചാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2119 12.09.2023-ലെ മറുപടിയ്ക്ക്

**<u>കോഴിക്കോട് ജില്ലയിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.പി. ടി. എ. റഹീം** | | **വി.അബ്ദു റഹിമാൻ**<br>ബഹു.ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം കളിസ്ഥലങ്ങളാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ചുവടെ ചേർത്തിട്ടുള്ള 12 കളിസ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1)<br>2. ഓമശ്ശേരി ഇ.കെ.ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം<br>3. വന്മുഖം ഗവ.ഹൈസ്കൂൾ മൈതാനം-മൂടാടി ഗ്രാമ പഞ്ചായത്ത്<br>4. മാവത്തുംപടി പഞ്ചായത്ത് ഗ്രൗണ്ട് - ഒളവണ്ണ<br>5. വളയം ഗ്രാമപഞ്ചായത്ത്, കല്ലുനിറ<br>6. കണ്ണാട്ടികുളം മിനി സ്റ്റേഡിയം<br>7. ചിക്കിലോട് ഒളിയിമ്മലിൽ മിനിസ്റ്റേഡിയം<br>8. ആദിയൂർ മിനി സ്റ്റേഡിയം<br>9. മണിയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്<br>10. കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം<br>11. കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം<br>12. പൂളക്കടവ് ഗ്രൗണ്ട്, കോഴിക്കോട് കോർപ്പറേഷൻ |

| | | | |
|---|---|---|---|
| (ബി) | ഇവയിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭ്യമാക്കിയത്; | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയ്ക്കായി തെരഞ്ഞെടുത്തിട്ടുള്ള കളിസ്ഥലങ്ങളുടെ ലിസ്റ്റിന് സമഗ്ര ഭരണാനുമതി നൽകി 18.10.2023-ലെ സ.ഉ.(സാധാ.) നം.305/2023/കാ.യു.വ., 04.11.2023-ലെ സ.ഉ.(സാധാ.) നം.320/2023/കാ.യു.വ. എന്നിവ പ്രകാരം ഉത്തരവായിട്ടുണ്ട്. |
| (സി) | ഒളവണ്ണ മാവൂത്തംപടി ഗ്രൗണ്ട് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | ഒളവണ്ണ മാവത്തുംപടി ഗ്രൗണ്ട് നവീകരണത്തിന് എം.എൽ.എ ഫണ്ടായി 50 ലക്ഷം രൂപ അനുവദിച്ചതായി ജില്ലാകളക്ടർ 19.04.2023 തീയതിയിലെ ADCKKD/373/2023-RD3 നമ്പർ കത്ത് പ്രകാരം സ്പോർട്സ് കേരള ഫൗണ്ടേഷനെ അറിയിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനാവശ്യമായ തുടർപരിപാലനസർട്ടിഫിക്കറ്റ്, നോൺ അസിസ്റ്റൻസ് സർട്ടിഫിക്കറ്റ്, അസറ്റ് രജിസ്റ്റർ എന്നിവ ഒളവണ്ണ ഗ്രാമപഞ്ചായത്തിൽ നിന്നും ലഭിക്കുകയും പദ്ധതിക്കായി 1 കോടി രൂപയുടെ സംയോജിതമായ എസ്റ്റിമേറ്റ് നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തയ്യാറാക്കി വരികയുമാണ്. |

Sajeev Pillai

**സെക്ഷൻ ഓഫീസർ**

പകർപ്പ്

# പതിനഞ്ചാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2119 12.09.2023-ലെ മറുപടിയ്ക്ക്

**കോഴിക്കോട് ജില്ലയിലെ ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. പി. ടി. എ. റഹീം | | **വി.അബ്ദു റഹിമാൻ**<br>ബഹു.ന്യൂനപക്ഷക്ഷേമം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി | |
| (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ ഉൾപ്പെടുത്തി കോഴിക്കോട് ജില്ലയിൽ ഏതെല്ലാം കളിസ്ഥലങ്ങളാണ് നവീകരണത്തിനായി തെരഞ്ഞെടുത്തിട്ടുള്ളത്; | (എ) | ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതിയിൽ കോഴിക്കോട് ജില്ലയിലെ ചുവടെ ചേർത്തിട്ടുള്ള 11 കളിസ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br>1. നൊച്ചാട് ഗ്രാമപഞ്ചായത്ത് (വാർഡ്-1)<br>2. ഓമശ്ശേരി ഇ.കെ.ഉണ്ണിമൊയ്തീൻ സ്മാരക മിനി സ്റ്റേഡിയം<br>3. വന്മുഖം ഗവ.ഹൈസ്കൂൾ മൈതാനം-മൂടാടി ഗ്രാമ പഞ്ചായത്ത്<br>4. മാവത്തുംപടി പഞ്ചായത്ത് ഗ്രൗണ്ട് - ഒളവണ്ണ<br>5. വളയം ഗ്രാമപഞ്ചായത്ത്, കല്ലുനിറ<br>6. കണ്ണാട്ടികുളം മിനി സ്റ്റേഡിയം<br>7. ചീക്കിലോട് ഒളിയിമ്മലിൽ മിനിസ്റ്റേഡിയം<br>8. ആദിയൂർ മിനി സ്റ്റേഡിയം<br>9. മണിയൂർ ഗ്രാമപഞ്ചായത്ത് ഗ്രൗണ്ട്<br>10. കൊടിയത്തൂർ സ്റ്റേഡിയം/ ചെറുവാടി പഞ്ചായത്ത് സ്റ്റേഡിയം<br>11. കായണ്ണ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം |
| (ബി) | ഇവയിൽ ഏതിനെല്ലാമാണ് ഭരണാനുമതി ലഭ്യമാക്കിയത്; | (ബി) | ഇതിൽ ഒരു പദ്ധതിക്കും ഭരണാനുമതി നൽകിയിട്ടില്ല. |

| | | | |
|---|---|---|---|
| (സി) | ഒളവണ്ണ മാവുത്തംപടി ഗ്രൗണ്ട് നവീകരണത്തിന് ഭരണാനുമതി ലഭ്യമാക്കുന്നതിൽ കാലതാമസമുണ്ടാകുന്നതിന്റെ കാരണം വിശദമാക്കാമോ; പ്രസ്തുത പ്രവൃത്തി എപ്പോൾ ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ? | (സി) | സംസ്ഥാന പ്ലാൻ ഫണ്ടിനൊപ്പം എം.എൽഎ/മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ഫണ്ട് എന്നിവ സമാഹരിച്ചാണ് പദ്ധതിക്ക് തുക കണ്ടെത്തുന്നത്. പദ്ധതിക്കായി എം.എൽ.എ ഫണ്ട് അനുവദിച്ചതായി ജില്ലാകളക്ടറിൽ നിന്നോ ബന്ധപ്പെട്ട എം.എൽ.എ-യിൽ നിന്നോ അറിയിപ്പ് ലഭിച്ചതിനു ശേഷമാണ് പദ്ധതിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നത്. ഒളവണ്ണ മാവുത്തംപടി ഗ്രൗണ്ട് നവീകരണത്തിന് എം.എൽ.എ ഫണ്ട് അനുവദിച്ചതായി ജില്ലാകളക്ടറിൽ നിന്നോ ബന്ധപ്പെട്ട എം.എൽ.എ-യിൽ നിന്നോ അറിയിപ്പ് ലഭിച്ചിട്ടില്ല. ഫണ്ട് അനുവദിച്ച വിവരം ലഭ്യമാകുന്ന മുറയ്ക്ക് കാലതാമസമില്ലാതെ പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായ സ്പോർട്സ് കേരള ഫൗണ്ടേഷൻ മുഖേന തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**